പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6637 12.07.2012 -ലെ മറുപടി

വികലാംഗർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്രാ കൺസെഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വികലാംഗർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി ഗതാഗത വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; | (എ) | വികലാംഗർക്ക് സാമൂഹ്യക്ഷേമവകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡും വൈകല്യത്തിന്റെ ശതമാനം, വരുമാനം എന്നിവയ്ക്ക് മാത്രം ആധികാരിക രേഖയായി സ്വീകരിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യുന്നതിനും, യാത്രാ കൺസെഷൻ നൽകുന്നതിനും പ്രസ്തുത തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | യാത്രാ കൺസെഷൻ നൽകുന്നതിന് പ്രസ്തുത തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി പരിഗണിക്കുന്നതാണ്. എന്നാൽ പ്രസ്തുത തിരിച്ചറിയൽ കാർഡ് മാത്രം ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര അനുവദനീയമല്ല. |
| (സി) | സംസ്ഥാനത്തെ വികലാംഗർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്രാ കൺസെഷൻ ലഭ്യമാക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ പ്രസ്തുത വിഭാഗത്തെ ഏറെ വിഷമിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലവിൽ പ്രസ്തുത വിഭാഗത്തിന്റെ യാത്രാ കൺസെഷനുള്ള മാനദണ്ഡങ്ങളും, നടപടിക്രമങ്ങളും വിദമാക്കുമോ? | (ഡി) | 40% -ത്തിൽ കൂടുതൽ അംഗവൈകല്യം ഉണ്ടെങ്കിൽ വികലാംഗപാസ് അനുവദിക്കുന്നതാണ്. വികലാംഗപാസിനുള്ള അപേക്ഷാഫാറം കെ.എസ്.ആർ.ടി.സി. യുടെ യൂണിറ്റുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. അപേക്ഷാഫാറത്തിൽ അപേക്ഷകന്റെ പാസ്പോർട്ട് |

| | | | |
|---|---|---|---|
| | | | വലിപ്പത്തിലുള്ള ഒരു ഫോട്ടോ പതിച്ച് ഡോക്ടർ ഒപ്പിടേണ്ടതാണ്. ഈ പാസ് ഉപയോഗിച്ച് സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ എന്നിവയിൽ യാത്ര ചെയ്യാവുന്നതാണ്. പാസ് ദുരുപയോഗം ചെയ്താൽ പിൻവലിക്കാൻ കോർപ്പറേഷന് അധികാരമുണ്ട്. 15,000/- രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവർക്ക് വികലാംഗപാസിന് അർഹത ഇല്ല. ജോലിയുള്ളവർ കൺവയൻസ് അലവൻസ് വാങ്ങുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് വൈകല്യത്തിന്റെ ശതമാനം, വരുമാനം എന്നിവയ്ക്ക് മാത്രം ആധികാരിക രേഖയായി സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ